ഉത്തരം

(എ) കേരള സംസ്ഥാനത്തെ കാർഷിക രംഗത്തെ വളർച്ച പ്രോത്സാഹിപ്പിക്കുന്നതിനും പാരിസ്ഥിതിക വ്യവസ്ഥയുടെ സുസ്ഥിരത ഉറപ്പുവരുത്തുന്നതിനും വേണ്ടി നെൽവയലുകളും തണ്ണീർത്തടങ്ങളും സംരക്ഷിക്കുന്നതിനും അവ പരിവർത്തനപ്പെടുത്തുന്നതും ദുരുപയോഗപ്പെടുത്തുന്നതും നിയന്ത്രിക്കുന്നതിനുമായി 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിന് രൂപം കൊടുത്തിട്ടുണ്ട്.

(ബി) 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിലെ വ്യവസ്ഥകൾ പ്രകാരമുള്ള നടപടികൾ നടപ്പാക്കിയിട്ടുണ്ട്.

(സി&ഡി) ബാധകമല്ല.

ഭൂപരിഷ്കരണ നിയമ വ്യവസ്ഥയിൽ ഇളവ്

206 (1289) ഡോ. ടി. എം. തോമസ് ഐസക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂപരിഷ്കരണ നിയമ വ്യവസ്ഥയിൽ ഉപരിധിക്ക് താഴെയുള്ളവരെ ഇളവ് നൽകിയിട്ടുള്ളത് ഏതു പേർക്കാണെന്ന് ജില്ല തിരിച്ചുള്ള കണക്കുകൾ വ്യക്തമാക്കുമോ;

(ബി) ഭൂപരിധി വ്യവസ്ഥയിൽ ഇളവ് നൽകിയതിനെ തുടർന്ന് ഭൂമി കൈവശം വച്ച് വരുന്നവർ ഏത് ആവശ്യത്തിലേക്കാണ് ഭൂമി ഉപയോഗിച്ചു കൊണ്ടിരിക്കുന്നതെന്ന് പരിശോധിച്ചിട്ടുണ്ടോ;

(സി) ഇളവ് നല്കിയ കാര്യത്തിന് ഭൂമി ഉപയോഗിക്കാത്തവർക്ക് നോട്ടീസ് നൽകിയിട്ടുണ്ടോ എന്നും അത്തരം ഭൂമി ഏറ്റെടുക്കുന്നതിന് നടപടി സ്വീകരിക്കുമോ എന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചുവരുന്നു.

ഭൂപരിഷ്കരണ നിയമ വ്യവസ്ഥയിൽ ഇളവ്

207 (1290) ശ്രീ. എം. എ. ബേബി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂപരിഷ്കരണ നിയമ പ്രകാരം അനുവദനീയമായതിൽ കൂടുതൽ ഭൂമി കൈവശം വയ്ക്കാൻ ഇളവ് അനുവദിച്ച് കിട്ടുന്നതിലേക്ക് താലൂക്കുവരെ എത്ര അപേക്ഷകൾ ലഭിച്ചു എന്നും എത്ര അപേക്ഷകർക്ക് ഇളവ് നൽകിയിട്ടുണ്ട് എന്നും വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഭൂപരിഷ്കരണ നിയമ വ്യവസ്ഥയിൽ ഇളവ് നൽകിയതു വഴി പരിധിയിലധികം ഭൂമി കൈവശം വയ്ക്കുന്നവർ എത്രയാണ് എന്നും അവരെപ്പോലെ കൂടി മൊത്തം എത്ര ഏക്കർ ഭൂമി അധികമായി കൈവശം വച്ച് വരുന്നു എന്നുമുള്ള കണക്കുകൾ വ്യക്തമാക്കുമോ;

(സി) ഇളവ് നൽകുന്നതു സംബന്ധിച്ച പുതിയ വ്യവസ്ഥ എന്ന മുതലാണ് നിലവിൽ വന്നതെന്നും അതിനുശേഷം പരിധി ഇളവിനായി ലഭിച്ച അപേക്ഷകൾ എത്രയാണെന്നും ഇതിൽ എത്രയെണ്ണത്തിൽ തീരുമാനം എടുത്തുവെന്നും വ്യക്തമാക്കുമോ;

(ഡി) ഇളവ് ലഭിക്കുന്നതിനുള്ള വ്യവസ്ഥകളായ നിക്ഷേപവും തൊഴിലവസരങ്ങളും ഇളവ് ലഭിച്ച് എത്ര മാസങ്ങൾക്കുള്ളിൽ ഉണ്ടാകേണ്ടതുണ്ട് എന്നും ആയതു സമയ ബന്ധിതമായി കൈവരിച്ചില്ലെങ്കിൽ ഇളവ് പിൻവലിക്കാൻ വ്യവസ്ഥ ചെയ്തിട്ടുണ്ടോ എന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) ജില്ലകളിൽ നിന്നും വിവരങ്ങൾ ശേഖരിച്ചുവരുന്നു. ലഭ്യമായ കണക്കുകൾ പ്രകാരം ഇളവിനായി നാളിതുവരെ 70 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. ആയതിൽ 10 അപേക്ഷകളിൽ ഇളവ് അനുവദിച്ചിട്ടുണ്ട്.

(ബി) വിവരം ശേഖരിച്ചുവരുന്നു.

(സി) 22-8-2015-ലെ ജി.ഒ.(എം.എസ്.)നമ്പർ 408/2015/റവന്യൂ പ്രകാരമാണ് ഇളവ് നൽകുന്നത് സംബന്ധിച്ച പുതിയ വ്യവസ്ഥ നിലവിൽ വന്നത്. അതിനുശേഷം രണ്ട് അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. ആയതിൽ തീരുമാനമായിട്ടില്ല.

(ഡി) ഒരു നിശ്ചിത കാലാവധിക്കുള്ളിൽ നിക്ഷേപവും തൊഴിൽ അവസരങ്ങളും ഉണ്ടാകേണ്ടതാണ് എന്ന വ്യവസ്ഥ ഉൾപ്പെടുത്തിയാണ് ഇളവ് നൽകുന്ന വ്യക്തിഗത ഉത്തരവ് പുറപ്പെടുവിക്കുന്നത്. ടി കാലാവധിക്കുള്ളിൽ നിക്ഷേപവും, തൊഴിൽ അവസരവും സൃഷ്ടിച്ചില്ലെങ്കിൽ ഇളവ് നഷ്ടപ്പെടുന്നതും താലൂക്ക് ലാന്റ് ബോർഡുകൾക്ക് സിലിംഗ് നടപടികൾ ആരംഭിക്കാവുന്നതുമാണ്.

നീ-സർവ്വേ നടപടികളുടെ പുരോഗതി

208 (1291) ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലയളവിൽ കേരളത്തിലെ നീ-സർവ്വേയുടെ പുരോഗതിയും നീസർവ്വേ റിക്കാർഡുകൾ എന്നത്തേക്ക് നടപ്പിലാക്കുമെന്നും വിശദമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly